## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3342 14-07-2015-ൽ മറുപടിക്ക്

### നിയമ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

**ചോദ്യം** — ശ്രീ. വി.ശശി

**ഉത്തരം** — ശ്രീ. കെ.എം. മാണി
ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | നിയമ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിലും മറ്റുമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ നിർ ദ്ദേശമുണ്ടോ ; | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ആളുകൾ എന്നു മുതലാണ് ജോലിയിൽ പ്രവേശിച്ചത്; ഇവരുടെ നിയമനത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ; ഈ നിയമനത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ; | നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള സ്ഥാപനമായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമ നിധി കമ്മിറ്റി ഓഫീസിൽ 2005 ആഗസ്റ്റ് ഒന്ന് മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന രണ്ട് ജീവനക്കാരെ പത്ത് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇവർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലാണ് ജോലി ചെയ്തുവരുന്നത്. പ്രസ്തുത തസ്തികകളിൽ ഓരോ തസ്തിക മാത്രമാണുള്ളത്. പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | സ്ഥിരപ്പെടുത്താൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളവരുടെയും സ്ഥിരപ്പെടുത്തിയവരുടെയും പേരു വിവരവും ജാതിയും ലഭ്യമാക്കാമോ ? | നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമ നിധി കമ്മിറ്റി ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഹിന്ദു നായർ സമുദായത്തിൽ പ്പെട്ട ശ്രീമതി. ഒ.ആർ.ചിത്ര, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഹിന്ദു വിശ്വകർമ്മ ഒ.ബി.സി. സമുദായത്തിൽ പ്പെട്ട ശ്രീ. എം. കുമാർ എന്നിവരെ സ്ഥിരപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പത്ത് വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഹിന്ദു നായർ സമുദായത്തിൽ പ്പെട്ട ശ്രീ. ആർ അജിത്കുമാർ എന്നയാളെ നൈറ്റ് വാച്ച് മാൻ തസ്തികയിൽ 04-02-2012ലെ ജി.ഒ. (എം.എസ്)നം.47/2012/ നിയമം ഉത്തരവു പ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

**14-07-2015 –ൽ ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി മറുപടി നൽ കേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3342ന്റെ മറുപടി സമർപ്പിക്കുവാൻ കാലതാമസം നേരിട്ടതിനുള്ള ഡിലേസ്റ്റേറ്റ് മെന്റ്**

നിയമസഭാ ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാ ക്കാൻ നിയമ വകുപ്പിലെ നിയമ (ഭരണ I, II, എച്ച്, ഇൻസ് പെക്ഷൻ, കെ.എൽ.ബി.എഫ് ) എന്നീ വകുപ്പുകളോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കകം പൂർണ്ണവും ശരിയായ പ്രകാരവും മറുപടി തയ്യാറാക്കുവാൻ സാധി ക്കാതെ വന്നതിനാൽ 'വിവരം ശേഖരിച്ചു വരുന്നു' എന്നൊരു ഇടക്കാല മറുപടി ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ സഭ മുമ്പാകെ സമർപ്പിക്കുകയുമാണ് ചെയ്തത്. നിയമ (ഭരണ I, II, എച്ച്, ഇൻസ് പെക്ഷൻ, കെ.എൽ.ബി.എഫ്) എന്നീ സെക്ഷനുകളിൽ നിന്നും അവയുടെ ഭരണ നിയന്ത്ര ണത്തിൻ കീഴിലുള്ള കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള അഡ്വക്കേറ്റ് ക്ലാർക്കസ് ക്ഷേമനിധി കമ്മിറ്റി ആഫീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും അധികമായി വിവരം ശേഖരിച്ച ലഭ്യമാക്കിയിട്ടുള്ള തുമാണ്. ആയതിനാലാണ് പുതുക്കിയ അന്തിമ മറുപടി ലഭ്യമാക്കുന്നതിന് കാല താമസം നേരിട്ടത്. ഇതിൽ മന:പ്പൂർവ്വമായ യാതൊരു വീഴ്ചയും അനാസ്ഥയും വകുപ്പുതല ത്തിൽ ഉണ്ടായിട്ടില്ല. ഈ കാലവിളംബം മാപ്പാക്കണമെന്നും അപേക്ഷിക്കുന്നു. ഭാവി യിൽ ഇത്തരം കാലവിളംബം കൂടാതെ അന്തിമ മറുപടി സമർപ്പിക്കുവാൻ പരമാവധി ശ്രമിക്കുന്നതാണെന്നും ഉറപ്പ് നൽകുന്നു. പ്രസ്തുത മറുപടി സഭയുടെ മേശപ്പുറത്ത് വച്ച് അംഗീകാരം ലഭ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

K. DILIP KUMAR
Joint Secretary
Law Department
Govt. Secretariat,Tvpm
Tel: 2518411